പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2864

22-02-2016 ൽ
മറുപടിയ്ക്ക്

"വജ്ര കേരളം"

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) |
| (എ) കഴിഞ്ഞ 60 വർഷം കൊണ്ട് വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചുള്ള "വജ്ര കേരളം" പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; ഏത് തീയതി മുതൽ ഏത് തീയതി വരെ ഈ പരിപാടി നടത്തുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ; | (എ)1. "വജ്ര കേരളം" പരിപാടി നടപ്പിലാക്കിയിട്ടില്ല. 2015 നവംബർ 1 മുതൽ 2016 നവംബർ 1 വരെ നടത്തുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്. |
| (ബി) ഈ പരിപാടി സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു ; എന്തു തുക ഇതിനായി പിൻവലിച്ചു ; | (ബി) ഭരണാനുമതി പുറപ്പെടുവിച്ചു. ( സർക്കാർ ഉത്തരവ് നം.571 /15/ഐ &പി.ആർ. തീയതി.15.12.15). അനുബന്ധമായി ചേർത്തിരിക്കുന്നു. തുക പിൻവലിച്ചിട്ടില്ല |
| (സി) പ്രസ്തുത പരിപാടി നടത്തിയതു വഴി പൊതുജനങ്ങളിൽ എന്തുമാത്രം അവബോധം സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ

ഭരണാനുമതി

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - കേരളപ്പിറവിയുടെ 60-ാം വാർഷികപരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

**സ. ഉ (സാധാ) നം.571/2015/ഐ&പി.ആർ.** **തീയതി, തിരുവനന്തപുരം,15/12/2015**

==========================================================================

പരാമർശം : 30/11/2015 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ മിനിട്സ്

<u>ഉത്തരവ്</u>

ഐക്യ കേരള രൂപം കൊണ്ടിട്ട് 60 വർഷം തികയുന്നതിന്റെ ഭാഗമായി ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം 2220-60-101-96 , വജ്രകേരളം ശീർഷകത്തിൽ പദ്ധതി വിഹിതമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു വർഷത്തെ ആഘോഷപരിപാടികളിലൂടെ കഴിഞ്ഞ 60 വർഷത്തിനുള്ളിൽ സാമൂഹിക രാഷ്ട്രീയ ക്ഷേമ വികസന ശാസ്ത്ര സാങ്കേതിക കലാ സാംസ്കാരിക മേഖലകളിൽ കേരളം സാക്ഷിയായ മാറ്റങ്ങളും രാജ്യത്തിനും ലോകത്തിനും മാതൃകയായ മുന്നേറ്റങ്ങളും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനും പുതിയ കേരളത്തെ സ്വപ്നം കാണാൻ അവരെ പ്രാപ്തരാക്കാനുമാണ് വിഭാവനം ചെയ്യുന്നത്. വിവിധ വകുപ്പുകളെ കൂടി സംയോജിപ്പിച്ചു കൊണ്ടാണ് തുടർപരിപാടികൾ ആവിഷ്കരിക്കുക. രാഷ്ട്രപതി, ഉപരാഷ്ട്രപതി തുടങ്ങിയവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഉദ്ഘാടന പരിപാടി, എക്സിബിഷനുകൾ, സെമിനാറുകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ, വീഡിയോ പ്രദർശനങ്ങൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. പ്രവാസം കേരളീയ ജീവിതത്തിന്റെ ഭാഗമാകയാൽ ബവിദേശമലയാളികളിലും മറ്റ് സംസ്ഥാനങ്ങളിലെ മലയാളി സമൂഹങ്ങളിലും വജ്രജൂബിലി സന്ദേശം എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

പരാമർശ പ്രകാരം പ്രസ്തുത പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുള്ള ലഭ്യമായ സാഹചര്യത്തിൽ താഴെപ്പറയുന്ന രീതിയിൽ തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | **വിഷയം** | **തുക** |
|---|---|---|
| 1. | ഉദ്ഘാടന സമ്മേളനം, സെമിനാറുകൾ, പുസ്തക പ്രസിദ്ധീകരണം | 50 ലക്ഷം രൂപ |
| 2. | എക്സിബിഷനുകൾ, വീഡിയോ പ്രദർശനം, സാംസ്കാരിക പരിപാടികൾ | 50 ലക്ഷം രൂപ |
| | ആകെ | **100ലക്ഷം രൂപ** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മേരി മെലനി നെറ്റാർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1. ഡെപ്യൂട്ടി ഡയറക്ടർ, എഫ്.പി.& സി.എ/ ഐ.ഒ.(എഫ്.പി)
2. ധനകാര്യവകുപ്പ് /പ്ലാനിംഗ് വകുപ്പ്
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ & ഇ), കേരള, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം
5. ഐ & പി.ആർ വകുപ്പ് ഡയറക്ടറുടെ സി എ യ്ക്ക്.
6. ഐ & പി.ആർ (ബി) വകുപ്പ്
7. ഐ & പി.ആർ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ സി എ യ്ക്ക്
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

RJayam

സെക്ഷൻ ഓഫീസർ

S.O